# സ്വർഗ്ഗംകൊണ്ടോ നരകംകൊണ്ടോ അല്ലാഹു സാക്ഷ്യം പറഞ്ഞവർക്കേ നാം സാക്ഷ്യം പറയാവൂ


**ഗ്രന്ഥകർത്താവ്:** ശൈഖ് സ്വലാഹ് ഇബ്നു മുഹമ്മദ് അൽ ബുദയ്ർ


**അവലംബ ഗ്രന്ഥം:** بلوغ السعادة فی توحيد رب العبادة


**വിവർത്തനം:** അബ്ദുൽ ജബ്ബാർ അബ്ദുല്ല


عن خارِجة بن زيد بنِ ثَابِت: أن أُم الْعلَاءِ امرأَةً من الْأَنصارِ بايعت النبِي ﷺ أَخبرته: أَنه اقْتسِم الْمهـاجِرونَ قُرعـةً فَطَار لَنا عثْمانُ بن مظْعون. فَأَنزلْناه في أَبياتنا، فَوجِع وجعه الذي توفي فيه. فَلَما توفي وغُسلَ وكُفن في أَثْوابِه دخلَ رسولُ الله ﷺ فَقُلْت: رحمةُ الله علَيك أَبا السائبِ فَشهادتي علَيك لَقَد أَكْرمك الله. فَقَالَ النبِي ﷺ: وما يدرِيك أَن الله قَد أَكْرمه. فَقُلْت: بِأَبِي أَنت يا رسولَ الله فَمن يكْرِمه الله. فَقَالَ: أَما هو فَقَد جاءَه الْيقين ، والله إِني لَأَرجو لَه الْخير ، والله ما أَدرِي وأَنا رسولُ الله ما يفْعلُ بِي قَالَت: فَوالله لَا أُزكي أَحدا بعده أَبدا.

ഖാരിജത്ത് ഇബ്നു സെയ്ദ് ഇബ്നു ഥാബിത്ؓവിൽനിന്നും നിവേദനം, തീർച്ചയായും അൻസ്വാരി വനിതകളിൽപ്പെട്ട ഉമ്മുൽ അലാഅ് നബിﷺക്ക് ബൈഅത്ത് ചെയ്തു, അവർ പ്രവാചകൻﷺയോട് പറഞ്ഞു: ''മുഹാജിറുകൾ നറുക്കിലൂടെ വിഭജിക്കപ്പെട്ടപ്പോൾ ഞങ്ങൾക്ക് ലഭിച്ചത് ഉഥ്മാൻ ഇബ്നു മദ്ഊനെയായിരുന്നു. അപ്പോൾ അദ്ദേഹത്തെ ഞങ്ങൾ ഞങ്ങളുടെ വീടുകളിൽ പാർപ്പിച്ചു. പിന്നീട് അദ്ദേഹം തന്റെ മരണത്തിന് കാരണമായ രോഗത്തിനടിപ്പെട്ടു. അദ്ദേഹം മരണപ്പെട്ടപ്പോൾ അദ്ദേഹത്തെ കുളിപ്പിക്കുകയും അദ്ദേഹത്തിന്റെ വസ്ത്രത്തിൽ കഫൻ ചെയ്യപ്പെടുകയും ചെയ്തു. അല്ലാഹുവിന്റെ റസൂൽ ﷺ (അവിടേക്ക്) പ്രവേശിച്ചു. അപ്പോൾ ഞാൻ പറഞ്ഞു: ''അബു സ്സാഇബ് അങ്ങേക്ക് അല്ലാഹുവിന്റെ കാരുണ്യകടാക്ഷങ്ങൾ ഉണ്ടാകുമെന്നതിന് ഞാൻ സാക്ഷിയാകുന്നു; നിശ്ചയം അല്ലാഹു താങ്കളെ അനുഗ്രഹിച്ചിരിക്കുന്നു.'' അപ്പോൾ നബി ﷺ ചോദിച്ചു: «അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിച്ചിരിക്കുന്നു എന്നത് താങ്കളെ അറിയിക്കുന്നത് എന്താണ്?» ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അപ്പോൾ ആരെയാണ് അല്ലാഹു അനുഗ്രഹിക്കുക? (നബിﷺ) പറഞ്ഞു: «എന്നാൽ അദ്ദേഹത്തിന് (ഉഥ്മാൻ ഇബ്നു മദ്ഊനിന്) മരണം വന്നെത്തി. അല്ലാഹു വാണേ സത്യം! ഞാൻ അദ്ദേഹത്തിന് നന്മ ആഗ്രഹിക്കുന്നു. അല്ലാഹുവാണേ സത്യം! ഞാൻ അല്ലാഹുവിന്റെ റസൂലായിട്ടു കൂടി എന്നെക്കൊണ്ട് എന്താണ് ചെയ്യുവാൻ പോകുന്നത് എന്ന് എനിക്കറിയില്ല.» അവർ (ഉമ്മുൽ അലാഅ്) പറഞ്ഞു: ''അല്ലാഹുവാണേ, അതിന്ശേഷം ഞാൻ ആർക്കും ശുദ്ധിപത്രം നൽകിയിട്ടില്ല. ഒരിക്കലും (ബുഖാരി: 1166) മറ്റൊരു റിപ്പോർട്ടിൽ: «അല്ലാഹുവാണേ സത്യം! ഞാൻ അല്ലാഹുവിന്റെ റസൂലായിട്ടുകൂടി എന്നെക്കൊണ്ട് എന്താണ് ചെയ്യുവാൻ പോകുന്നതെന്ന് എനിക്കറിയില്ല.» എന്നതിന് പകരം «അല്ലാഹുവാണേ സത്യം! ഞാൻ

അല്ലാഹുവിന്റെ റസൂലായിട്ടുകൂടി അദ്ദേഹത്തെക്കൊണ്ട് എന്താണ് ചെയ്യുവാൻ പോകുന്നതെന്ന് എനിക്കറിയില്ല.» എന്നാണുള്ളത്.

عن أَبِي هريرةَ ﷺ قَالَ: خرجنا مع رسولِ الله ﷺ يوم خيبر فَلَم نغنم ذَهبا ولَا فضةً إلا الْأَموالَ والثياب والْمتاع ، فَأَهدى رجلٌ من بنِي الضبيبِ يقَالُ لَه رِفَاعةُ بن زيد لرسولِ الله ﷺ غُلَاما يقَالُ لَه مدعم. فَوجه رسولُ الله ﷺ إِلَى وادي الْقُرى حتى إِذَا كَانَ بِوادي الْقُرى ، بينما مدعم يحط رحلًا لرسولِ الله ﷺ ، إِذَا سهم عائر فَقَتلَه فَقَالَ الناس: هنِيئًا لَه الْجنـةُ فَقَالَ رسولُ الله ﷺ: كَلَّا والذي نفْسِي بِيده إِن الشملَةَ التي أَخذَها يوم خيبر من الْمغانِمِ ، لَم تصبها الْمقَاسم لَتشـتعلُ علَيه نارا. فَلَما سمع ذَلك الناس جاءَ رجلٌ بِشراك أَو شراكَينِ إِلَى النبِي ﷺ. فَقَالَ: شراك من نارٍ أَو شراكَان من نارٍ

അബൂഹുറയ്റ ﷺ വിൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: ‘‘ഖൈബർ യുദ്ധ ദിവസം ഞങ്ങൾ നബിﷺയുടെ കൂടെ പുറപ്പെട്ടു. ഞങ്ങൾ യുദ്ധാർജിത സ്വത്തായിട്ട് പണവും വസ്ത്രവും ഭക്ഷണവുമാണ് നേടിയത്. സ്വർണ്ണവും വെള്ളിയും നേടിയില്ല. അങ്ങനെ ബനൂ ദ്വുബൈയ്ബ് ഗോത്രത്തിൽപ്പെട്ട രിഫാഅത്ത് ഇബ്നു സൈദ് എന്ന ഒരു മനുഷ്യൻ നബിﷺക്ക് മിദ്അം എന്ന് വിളിക്കപ്പെടുന്ന ഒരു അടിമയെ നൽകി. അങ്ങനെ നബി ﷺ വാദി ക്വുറായിലേക്ക് തിരിച്ചു, മിദ്അം, റസൂലുല്ലാഹിﷺയുടെ ഒട്ടകകട്ടിൽ ഇറക്കിവെക്കുന്നതിനിടയിൽ ഒരു അമ്പ് മിദ്അമിനെ തറക്കുകയും കൊന്നുകളയുകയും ചെയ്തു. അപ്പോൾ ജനങ്ങൾ പറഞ്ഞു: ‘‘അവന് മംഗളം, അവന് സ്വർഗ്ഗമുണ്ട്.’’ അപ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: «അങ്ങനെയൊന്നുമല്ല കാര്യം, എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, അവൻ ഖൈബർ യുദ്ധ ദിവസം ഗനീമത്ത് സ്വത്തുക്കൾ വീതിക്കുന്നതിന് മുമ്പ് എടുത്ത മേലാട അവന്റെമേൽ കത്തിയാളുകയാണ്.» ഇത് ജനങ്ങൾ കേട്ടപ്പോൾ, ഒരാൾ ഒരു ചെരിപ്പിന്റെ വാറുമായി അല്ലെങ്കിൽ രണ്ട് വാറുകളുമായി നബിﷺയുടെ അടുത്തേക്ക് വന്നു, അപ്പോൾ (നബിﷺ) പറഞ്ഞു: «തീയിന്റെ ചെരിപ്പുവാർ അല്ലെങ്കിൽ തീയിന്റെ രണ്ടു ചെരിപ്പുവാറുകൾ.» (ബുഖാരി: 6213)